LIBRARY ARCHIVES Kerala Legislative Assembly

ഗ്രീൻഫീൽഡ് സ്റ്റേഡിയം

310 (314) ശ്രീ. സി. ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി നിർമ്മിച്ച ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്;

(ബി) ഇത് പൂർണ്ണരൂപത്തിൽ എന്നത്തേയ്ക്ക് പ്രവർത്തന സജ്ജമാക്കും എന്ന് വ്യക്തമാക്കുമോ ; ഇതിന്റെ ആകെ ചിലവ് എത്രയാണ് ; ഇതിന്റെ സംരക്ഷണ ചുമതല ആർക്കാണ് ?

ഉത്തരം

(എ) ആസ്ട്രോ മോഡലിൽ നിർമ്മിക്കുന്ന സ്റ്റേഡിയമാണ് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം. പൂർണ്ണമായും സജ്ജമാകുമ്പോൾ താഴെപ്പറയുന്ന സംവിധാനങ്ങൾ സ്റ്റേഡിയത്തിൽ ലഭ്യമാകുന്നതാണ്.

1. രാജ്യാന്തര നിലവാരത്തിലുള്ള ക്രിക്കറ്റും ഫുട്ബോളും കളിക്കാൻ പറ്റുന്ന കളിസ്ഥലം.
2. 50,000 പേർക്ക് ഇരുന്ന് കളികാണാവുന്ന ഗ്യാലറി.
3. VIP കൾക്കും മീഡിയയ്ക്കും പ്രത്യേക ഗ്യാലറികൾ.
4. ക്രിക്കറ്റിനും ഫുട്ബോളിനും പ്രത്യേക കോർപ്പറേറ്റ് ബോക്സുകൾ.
5. ജിം, സ്പാ സൗകര്യങ്ങൾ
6. ഒളിമ്പിക് സ്റ്റൈലിലുള്ള സ്വിമ്മിംഗ്പൂൾ.
7. 2000 പേർക്കുള്ള കൺവെൻഷൻഹാൾ.
8. കൂടാതെ താഴെപ്പറയുന്ന 8 മുതൽ 13 വരെയുള്ള കായിക ഇനങ്ങൾക്ക് പര്യാപ്തമായ മൾട്ടി പർപ്പസ് കോർട്ട്
9. ടേബിൾ ടെന്നീസ് കോർട്ടുകൾ - 20 എണ്ണം
10. ഹാൻഡ്ബോൾ കോർട്ട് - 2
11. വോളിബോൾ കോർട്ട് - 2
12. ബാഡ്മിന്റൺ കോർട്ട് - 12
13. ബാസ്കറ്റ്ബോൾ കോർട്ട് - 3
14. ടെന്നീസ് കോർട്ട് - 3

15. സ്ക്വാഷ് കോർട്ട്
16. റീറ്റെയിൽ/ഫുഡ്കോർട്ട്/ക്ലബ്ബ് സൗകര്യങ്ങൾ
17. 2500 കാർ പാർക്ക് ചെയ്യാനുള്ള സൗകര്യങ്ങൾ
18. ഡോർമിറ്ററി ഗസ്റ്റ് ഹൗസ് സൗകര്യങ്ങൾ
19. ഫസ്റ്റ് എയ്ഡ് സൗകര്യങ്ങൾ
20. ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് ആയുള്ളവർക്ക് കളി കാണാനുള്ള പ്രത്യേക സൗകര്യങ്ങൾ
21. വീതിയേറിയ സ്റ്റെയർകേസ് റാംപ്, ലിഫ്റ്റ് സൗകര്യങ്ങൾ
22. ആധുനിക നിലവാരത്തിലുള്ള സ്പോർട്സ് ലൈറ്റുകൾ
23. സ്കോർ ബോർഡുകൾ.

(ബി) 2015 സെപ്തംബറിൽ സ്റ്റേഡിയം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ആകെ നിർമ്മാണച്ചെലവ് 161 കോടിയായി കണക്കാക്കിയിരിക്കുന്നു. കരാർ പ്രകാരം സ്റ്റേഡിയത്തിന്റെ നിർമ്മാണസമയം മുതൽ 15 വർഷത്തേയ്ക്കുള്ള സുരക്ഷാചുമതല കരാറുകാരായ IL & FS Transportation Network Ltd. എന്ന കമ്പനിയിൽ നിക്ഷിപ്തമാണ്.

നീന്തൽക്കുളം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി

311 (315) ശ്രീ. മോൻസ് ജോസഫ് : താഴക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറവിലങ്ങാട് ദേവമാതാ കോളേജിലെ നീന്തൽക്കുളം നിർമ്മാണം സംബന്ധിച്ച LAC-ADF വഴി സമർപ്പിച്ച 107303/NCB/Fin/2014 നമ്പർ ഫയൽ കേരളാ സ്പോർട്സ് കൗൺസിലിന് അയച്ചതിനുശേഷം തിരികെ കിട്ടുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ; ഈ ഫയൽ എത്രയും വേഗം ക്ലിയർ ചെയ്ത് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കേരളാ സ്പോർട്സ് കൗൺസിൽ ഈ പദ്ധതിക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; ഈ ഫയൽ ഇപ്പോൾ ആരുടെ കൈവശമാണ് ; ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുറവിലങ്ങാട് ദേവമാതാ കോളേജിലെ നീന്തൽക്കുള നിർമ്മാണത്തിനായി സർക്കാരിൽ ലഭിച്ച പ്രൊപ്പോസലിന്മേൽ LAC-ADF വിഹിതം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പദ്ധതി വിഹിതം മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് 331/എ 2/15/കാ.യു.വ തീയതി,

LIBRARY ARCHIVES Kerala Legislative Assembly